LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1093 പേർക്ക് ജോയിന്റ് ലോൺ ഉൾപ്പെടെ ഭവന വായ്പ അനുവദിച്ചു. 2009-10 സാമ്പത്തിക വർഷത്തിൽ ഭവന വായ്പയ്ക്ക് ജോയിന്റ് ലോൺ ഉൾപ്പെടെ അപേക്ഷിച്ച 1639 പേർ സ്റ്റേറ്റ് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു. അവയിൽ 1113 പേർക്ക് വായ്പ അനുവദിക്കുന്നതിന് അലോട്ട്മെന്റ് നൽകി. എന്നാൽ വിവിധ വകുപ്പുകളിലെ 20 അപേക്ഷകർ പല കാരണങ്ങളാൽ വായ്പ ഉപയോഗപ്പെടുത്താതെ നിരസിച്ചിട്ടുണ്ട്. ഭവന വായ്പയ്ക്ക് അപേക്ഷിക്കുന്നതിന് മിനിമം 50 മാസം സേവന കാലയളവ് അവശേഷിക്കണം. അപ്രകാരം ഏറ്റവും കുറവ് സേവന കാലയളവ് ഉള്ളവരുടെ മുൻഗണനാ ക്രമത്തിലുള്ള ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ബഡ്ജറ്റ് അനുവദിച്ചിട്ടുള്ള തുകയുടെ അടിസ്ഥാനത്തിൽ വായ്പ അനുവദിച്ചു. പെൻഷൻ തീയതി 31-3-2026 വരെയുള്ളവർക്ക് ഭവന വായ്പ 2009-10-ലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

(ബി) ഏത് വർഷം വരെ പെൻഷൻ പറ്റുന്നയാളുകൾ എന്ന് പൊതുവായി ഒരു ഉത്തരവ് നിലവിലില്ല. KFC Rule 244 C (ix) പ്രകാരം വായ്പ വിതരണം ചെയ്തിട്ട് 9 മാസത്തിനുശേഷമോ അല്ലെങ്കിൽ വീട് പണി പൂർത്തിയായതിനു ശേഷമോ ഇതിലേതാണോ ആദ്യം അന്നു മുതലാണ് വായ്പ തിരിച്ചടവ് ആരംഭിക്കുന്നത്. എന്നാൽ സർവ്വീസ് കുറവുള്ള ജീവനക്കാരുടെ കാര്യത്തിൽ അവർ ആഗ്രഹിക്കുന്നപക്ഷം വായ്പ തിരിച്ചടവ് തൊട്ടടുത്ത മാസം മുതൽ ആരംഭിക്കാവുന്നതാണ്. സർവ്വീസ് കാലയളവിൽത്തന്നെ തിരിച്ചടവ് പൂർത്തിയാക്കേണ്ടതിനാൽ കൂടുതൽ സാവകാശം നൽകാൻ ചട്ടങ്ങൾ അനുവദിക്കുന്നില്ല. അതിനാൽ വകുപ്പ് തലവൻമാർക്ക് വായ്പയുടെ മുതലും പലിശയും വായ്പക്കാരന്റെ റിട്ടയർമെന്റിന് മുൻപ് തീരത്തക്ക വിധത്തിൽ തിരിച്ചടവ് നടത്തുന്നതിന് പ്രത്യേകം ഉത്തരവ് ഇറക്കേണ്ടി വരുന്നു. വായ്പ അനുവദിക്കപ്പെട്ട എല്ലാ ജീവനക്കാരും 2010 മെയ് മാസത്തിൽത്തന്നെ തിരിച്ചടവ് നടത്തുവാൻ ഓഫീസ് മേധാവികൾ നിർബന്ധം പിടിക്കുന്ന ഒരു സാഹചര്യം ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പണയാധാരം രജിസ്റ്റർ ചെയ്യുന്നതിന് ഫീസ് ഒഴിവാക്കി ഉത്തരവുകൾ ഒന്നുംതന്നെ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല.

**മ്യൂച്വൽ ട്രാൻസ്ഫർ**

**149 (5854)** ശ്രീ. കെ. എം. മാണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ വകുപ്പിൽ ഈ സാമ്പത്തിക വർഷം അസിസ്റ്റന്റ് തസ്തികയിലേക്ക് മുച്വൽ ട്രാൻസ്ഫറിനായി എത്ര അപേക്ഷകൾ ലഭിച്ചു;

(ബി) അതിൽ എത്ര അപേക്ഷകൾ അനുവദിച്ചു ; ഏതെല്ലാം അപേക്ഷകൾ നിരസിച്ചു ;

(സി) ഈ അപേക്ഷകൾ നിരസിക്കാനുള്ള കാരണങ്ങൾ എന്തെല്ലാം ;

(ഡി) ഇത് സംബന്ധിച്ച് ധനവകുപ്പിന്റെ തീരുമാനം അപേക്ഷർക്ക് നൽകിയിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ അതിന്റെ കാരണമെന്ത് ;

(എഫ്) നിരസിച്ചത് സംബന്ധിച്ച് എന്തെങ്കിലും പരാതി ധനവകുപ്പിൽ ലഭിച്ചിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ പരാതിയിലുന്നയിച്ച കാര്യങ്ങൾ എന്തെല്ലാമാണ് ;

(എച്ച്) ഈ പരാതി സംബന്ധിച്ച് ധനവകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) രണ്ട് അപേക്ഷകൾ ലഭിച്ചു.

(ബി) രണ്ട് അപേക്ഷകളും അനുവദിക്കേണ്ടതില്ലെന്ന തീരുമാനം കൈക്കൊള്ളുകയുണ്ടായി.

(സി) ധനവകുപ്പിൽ അസിസ്റ്റന്റുമാരുടെ 4 ഒഴിവുകൾ ഉണ്ടായിരുന്നപ്പോൾ പി.എസ്.സി. ലോക്കൽ ഫണ്ട് ഓഡിറ്റ്, എൻക്വയറി കമ്മീഷൻ ആന്റ് സ്പെഷ്യൽ ജഡ്ജസ് എന്നിവിടങ്ങളിൽ നിന്നായി 15 അപേക്ഷകൾ അന്തർ വകുപ്പ് സ്ഥലംമാറ്റത്തിനായി ലഭിച്ചിരുന്നു. പ്രസ്തുത അപേക്ഷകളിന്മേൽ അന്തർവകുപ്പ് സ്ഥലംമാറ്റം നൽകേണ്ടതില്ല എന്ന് തീരുമാനിക്കുകയും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി. പ്രസ്തുത അപേക്ഷകരുടെ സീനിയോറിറ്റി മറികടന്ന് ഇപ്പോൾ ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിഗണിക്കാനാവില്ല. മാത്രമല്ല അന്തർവകുപ്പ് സ്ഥലംമാറ്റം 'മ്യൂചൽ ട്രാൻസ്ഫർ' ആയി നൽകുവാനാവില്ല. അപേക്ഷയുടേയും അപേക്ഷകരുടേയും സീനിയോറിറ്റി പരിഗണിക്കേണ്ടതുണ്ട്.

(ഡി) നൽകിയിട്ടില്ല.

(ഇ) പ്രസ്തുത അപേക്ഷകൾ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഫയലുകൾ തീർപ്പാക്കുകയുണ്ടായി. ആയതിനാൽ മറുപടി നൽകിയിട്ടില്ല.

(എഫ്) ഉണ്ട്.

(ജി & എച്ച്) ശ്രീ. അഗസ്റ്റിൻ. ജെ. നൽകിയ ഒരു അപേക്ഷയുടെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു. * മ്യൂചൽ ട്രാൻസ്ഫറിനുള്ള അപേക്ഷകൾ പരിഗണിക്കേണ്ടതില്ലെന്ന തീരുമാനം കൈക്കൊണ്ടിരുന്നതിനാൽ തുടർനടപടികൾ ഇതിൽ ആവശ്യമില്ല. ടിയാന്റെ അപേക്ഷ ഉചിതമാർഗ്ഗേണ ലഭിക്കുന്ന മുറയ്ക്ക് മറുപടി നൽകുന്നതാണ്.

**ഇൻഷ്വറൻസ് വകുപ്പിന്റെ നവീകരണം**

150 (5855) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഷ്വറൻസ് വകുപ്പിന്റെ നവീകരണത്തിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly